DEC : 28

# KGBEU OU ബുള്ളറ്റിൻ 83/2022

സഖാക്കളെ,

## വിഷയം: പ്രമോഷൻ

റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കാറായിട്ടും പ്രമോഷൻ നടപടികൾ എങ്ങുമെത്താത്ത സാഹചര്യത്തിൽ മാനേജ്മെന്റിന് വീണ്ടും നാം കത്ത് നൽകി. ബാങ്കിൽ ബിസിനസ്സ് വർദ്ധിപ്പിക്കുകയും വേക്കൻസികൾ ഉണ്ടാക്കുകയും ചെയ്യുന്നത് അതാത് കാലത്തെ ജീവനക്കാർ കൈമെയ് മറന്ന് പ്രവർത്തിച്ചിട്ടാണ്. അതിന്റെ ഭാഗമായി എല്ലാ കാലവും റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കുന്നതിന് മുന്നെ പ്രമോഷൻ നടപടികൾ പൂർത്തീക രിക്കാറുണ്ട്. എന്നാൽ ജീവനക്കാരോട് തീർത്തും വിരുദ്ധ സമീപനം കൈക്കൊള്ളുന്ന നിലവിലെ മാനേജ്മെന്റ് കഴിഞ്ഞ തവണ അത് അട്ടിമറിക്കുകയും ഇത്തവണയും ജീവനക്കാരോട് വഞ്ചനാപരമായ നിലപാട് തുടരുകയും ചെയ്യാനുള്ള സാധ്യതയാണ് നില നിൽക്കുന്നത്. ഈ സാഹചര്യത്തിൽ പ്രക്ഷോഭമല്ലാതെ മറ്റ് മാർഗങ്ങൾ നമുക്ക് മുന്നിൽ ഇല്ലെങ്കിൽ അതിന് തയ്യാറെടുത്തു കൊണ്ടാണ് നാം മുന്നോട്ട് പോകുന്നത്. പ്രമോഷൻ നടപടികൾ ഉടൻ ആരംഭിക്കണം എന്ന് മാനേജ്മെന്റിനോട് ഒരിക്കൽക്കൂടി നാം ആവശ്യപ്പെടുകയാണ്. അല്ലാത്ത പക്ഷം പോരാട്ടത്തിനായി തയ്യാറെടുക്കാൻ മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ